DESPATCHED
On.13/31.2020
31/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ CP.No. 406(5)/19/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 7800/SIC-G7/2019**

**സന്നിഹിത**
**ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. ശാസ്താംകോട്ട സദാശിവൻ.<br>കണിയാംപറമ്പിൽ,<br>മനക്കര, ശാസ്താംകോട്ട പി.ഒ.,<br>കൊല്ലം – 690 521. | പരാതിക്കാരൻ |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ<br>ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്,<br>ശാസ്താംകോട്ട,<br>പോരുവഴി പി.ഒ., കൊല്ലം – 690 520. | എതിർകക്ഷി |

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 07.03.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 11.04.2019 |
| കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ച തീയതി | 06.05.2019 |
| ഹിയറിംഗ് തീയതി, സ്ഥലം | 25.10.2019, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കൊല്ലം. |
| എതിർകക്ഷി<br><br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നു |

1. പരാതിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, ശാസ്താംകോട്ട താലൂക്ക് ആശുപത്രി വികസന സംബന്ധമായി അനുവദിക്കപ്പെട്ടിട്ടുള്ള മൂന്ന് കോടിയിൽ പരം റുപ്പിക സ്ഥലം വാങ്ങാതെ വകമാറ്റി ചെലവഴിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങളാണ്.

2. മേപ്പടി വിവരാവകാശ അപേക്ഷയിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ടി അപേക്ഷ നിരസിക്കുകയുണ്ടായി. 42 ദിവസങ്ങൾക്ക് ശേഷം ലഭ്യമായ മറുപടിയിൽ അപേക്ഷയിൽ ഒപ്പിട്ടില്ല എന്ന കാരണത്താൽ നിരസിച്ചു എന്ന് പരാതിപ്പെട്ടുകൊണ്ട് കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ചു.

**3.** പരാതി ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർവിചാരണയ്ക്ക് ഹാജരായ പരാതിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകി യത്, വിവരാവകാശ അപേക്ഷയിൽ ഒപ്പിട്ടില്ല എന്ന കാരണത്താൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അപേക്ഷ നിരസിച്ചു എന്നും എന്നാൽ അത് ബോദ്ധ്യപ്പെടുത്തുന്നതിനായി ടി അപേക്ഷ തിരികെ ലഭ്യമായിട്ടില്ല എന്നുമാണ്.

**4.** കമ്മീഷൻ മുമ്പാകെ ഹാജരായ എസ്.പി.ഐ.ഒ.അറിയിച്ചത്, പരാതിക്കാരൻ 07.03.2019 തീയതി സമർപ്പിച്ച അപേക്ഷ 13.03.2019 ൽ ഓഫീസിൽ ലഭ്യമായി എന്നും ഓഫീസ് നടപടി ക്രമം പാലിച്ച 16.03.2019 തീയതി നടപടി ആരംഭിച്ചിരുന്നു എന്നും അപേക്ഷയിലെ ന്യൂനത പരിഹരിക്കുന്നതിനായി ടിയാനെ പലതവണ ബന്ധപ്പെടാൻ ശ്രമിച്ചിരുന്നു എന്നും എന്നാൽ ആയത് നടന്നില്ല എന്നും സാമ്പത്തിക വർഷത്തിൽ മാർച്ച് മാസം ഏറെ തിരക്കുള്ള സമയം ആയിരുന്നു എന്നും അപേക്ഷയിൽ ടിയാന്റെ കൈയൊപ്പില്ലാത്തതിനാൽ 11.04.2019 തീയതി തപാൽ മുഖേന തിരിച്ച് അയച്ചു എന്നും തുടർന്ന് 19.10.2019 ലെ കത്ത് പ്രകാരം മറുപടി നൽകിയിട്ടുണ്ട് എന്നുമാണ്.

**4.** പരാതി ഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിക്കുമ്പോൾ, 07.03.2019 ൽ ആവശ്യപ്പെട്ട അപേക്ഷയിലെ അന്വേഷണങ്ങൾ 19.10.2019 ൽ വിവരം നൽകിയിട്ടുള്ളതായി കാണുന്നു. മേപ്പടി വിവരാവകാശ അപേക്ഷയിൽ ഒപ്പിട്ടിട്ടില്ലാത്തതിനാൽ പ്രസ്തുത അപേക്ഷ തിരികെ അയച്ചു നൽകി എന്ന് എതിർകക്ഷിയും ലഭ്യമായിട്ടില്ല എന്ന് പരാതിക്കാരനും അറിയി ക്കുന്നു. എന്നാൽ 19.10.2019 ൽ നൽകിയ മറുപടി പരാതിക്കാരന് തൃപ്തികരവുമല്ല എന്നാണ് കമ്മീഷൻ മുമ്പാകെ അറിയിച്ചത്. 07.03.2019 ലെ അപേക്ഷയും 19.10.2019 ലെ എസ്.പി.ഐ.ഒ. യുടെ മറുപടിയും പരിശോധിക്കുമ്പോൾ, ശാസ്താംകോട്ട താലൂക്ക് ആശുപത്രിക്ക് ഭൂമി വാങ്ങൽ സംബന്ധിച്ച് യാതൊരു തുകയും അനുവദിച്ചിട്ടില്ല എന്നും മാലിന്യ സംസ്കരണ പ്ലാന്റ്, കുന്നത്തൂർ ക്ലസ്റ്റർ യൂണിയൻ ആരംഭിക്കുവാൻ പ്രാരംഭ നടപടി സ്വീകരിച്ചില്ലെങ്കിൽ, സമീപവാസികളുടെ എതിർപ്പിനെ തുടർന്ന് നിർമ്മാണം നിർത്തി വച്ചിരിക്കുകയാണെന്നും, സി.സി.ടി.വി. ക്യാമറ സ്ഥാപിച്ചിട്ടില്ല എന്നുമുള്ള മറുപടി, ചോദ്യവുമായി ബന്ധപ്പെട്ട് ശരിയായ രീതിയിലുള്ളതാണെന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടു.

**5.** പരാതിക്കാരന്റെ 07.03.2019 ലെ അപേക്ഷയിൽ നിയമാനുസൃതമായി ഒപ്പ് രേഖപ്പെ ടുത്താത്തതിനെ തുടർന്ന് അപേക്ഷ നിരസിച്ചിരുന്നു എങ്കിലും 19.10.2019 ൽ മറുപടി നൽകിയി ട്ടുള്ളതായി കമ്മീഷന് ബോദ്ധ്യപ്പെട്ടു. വൈകിയാണെങ്കിലും ടിയാന് വിവരം ലഭ്യമായിട്ടുണ്ട് എന്ന കമ്മീഷന്റെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ടി പരാതിയിന്മേൽ മറ്റ് നടപടികൾ ആവശ്യമില്ല എന്ന് വിലയിരുത്തി ഈ പരാതി ഹർജി **ഇന്നേ ദിവസം 2020 ജനുവരി മാസം 31 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ഫിനാൻസ് എക്സ്പേർട്ട്**